Volume- 13
Issue- 28
15 January 2016

# എമ്മാവൂസ് വചനദൂത്

ദനഹാക്കാലം രണ്ടാം ഞായർ യോഹ 1:14-18 (1:1-28)

# വചനം മനുഷ്യനായി

ബ്ര. ബിബിൻ നെല്ലിയാട്ട്

ദനഹാക്കാലം എന്ന് പറയുന്നത് പ്രത്യക്ഷീകരണത്തിന്റെയും വെളിപാടുകളുടെയും കാലഘട്ടമാണ്. സ്വയം വെളിപ്പെടുത്തുന്ന ദൈവമാണ് ഈ കാലഘട്ടത്തിന്റെ വിചിന്തനത്തിന് വിഷയീഭവിക്കേണ്ടത്. അപ്പോഴും നമ്മുടെ മനസ്സിനെ മഥിക്കുന്ന ഒരു ചോദ്യം: 'ദൈവത്തെ നേരിട്ടു കാണാൻ മനുഷ്യനു സാധിക്കുമോ?' വചനം വ്യക്തമായി പറയുന്നു ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. എന്നാൽ പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവം തന്നെയാണ് ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്. അതിനാൽ നമുക്കും പറയാൻ സാധിക്കും ക്രിസ്തുവാണ് സ്വയം വെളിപ്പെടുത്തുന്നതും യേശു വചനത്തിലൂടെ തന്നെ വെളിപ്പെടുത്തുന്നതുമാണ്. ദൈവത്തെ തിരിച്ചറിയാനും അവന് സാക്ഷ്യം വഹിക്കാനും കഴിയുമ്പോൾ നമുക്കും ദൈവീക വെളിപാടുകളെ തിരിച്ചറിയാൻ കഴിയും.

ഈ കാലഘട്ടത്തിലും ദൈവിക വെളിപാടുകൾക്ക് കുറവൊന്നും സംഭവിച്ചിട്ടില്ല. വ്യക്തികളിലൂടെയും വചനത്തിലൂടെയും ദർശനത്തിലൂടെയും പ്രവൃത്തികളിലൂടെയും ഇന്നും ദൈവം പ്രവർത്തന നിരതനാണ്. എന്നാൽ നാം ഇത് തിരിച്ചറിയുന്നുണ്ടോ എന്നതാണ് സംശയം. ഈ അവസരത്തിൽ വിശുദ്ധ ഗ്രന്ഥം നമ്മുടെ മുമ്പിൽ ദൈവിക വെളിപാടുകൾ തിരിച്ചറിഞ്ഞ ചില ജീവിതങ്ങളെ അവതിപ്പിക്കുകയാണ്.



വെളിപാടുകളുടെ പൂർണ്ണത. നമ്മുടെ ഉത്തരവാദിത്വം ദൈവിക വെളിപാടുകളെ തിരിച്ചറിയുക എന്നതാണ്. ദനഹാക്കാലത്തെ വായനകൾ ഇതിന് നമ്മെ കൂടുതൽ സഹായിക്കുന്നവയാണ്.

ഇന്നത്തെ വായനയിൽ നാം കാണുന്നത് വ്യക്തികളിലൂടെ വെളിപ്പെടുത്തുന്ന യേശുവിനെയാണ്. സ്നാപക യോഹന്നാൻ യേശുവിനെ നമുക്ക് വെളിപ്പെടുത്തി തരികയാണ്. യേശു മാംസം ധരിച്ച വചനമാണ്. അവനിൽ കൃപയുടെ പൂർണ്ണതയുണ്ട്. അനാധി മുതലേ ഉള്ളവനും പിതാവുമായി ഗാഡബന്ധം പുലർത്തുന്ന ഏകജാതനാണവൻ. അവനെ കാണുന്നത് പിതാവിനെ കാണുന്നതിനു തുല്യമാണ്.

ഈ കാലഘട്ടത്തിലെ വായനകളിലൂടെ കണ്ണോടിക്കുമ്പോൾ നാം കാണുന്നത് ദൈവം യേശുവിന്റെ ജ്ഞാനസ്നാനം വഴി തന്നെ വെളിപ്പെടുത്തുന്നതും, പ്രവൃത്തികളിലൂടെ യേശു നിരക്ഷരരും നിർദ്ധനരുമായ ഇടയന്മാർ തങ്ങൾക്ക് ലഭിച്ച സന്ദേശം അനുസരിച്ച് പുറപ്പെട്ട് ദിവ്യപൈതലിനെ ദർശിക്കുന്നു. ശിശുവായ യേശുവിനെ ദേവാലയത്തിൽ കണ്ട വൃദ്ധനായ ശിമയോൻ യേശുവിനെ ദൈവം അയച്ച രക്ഷകനായി തിരിച്ചറിയുന്നു. അന്നാ പ്രവാചിക യേശുവിനെ രക്ഷകനായി പ്രഘോഷിക്കുന്നു. ജീവജലത്തിന്റെ ഉറവ യേശുവിൽ കണ്ടെത്തിയ സമരിയാക്കാരി ഒരു പട്ടണത്തെ മുഴുവൻ ദൈവിക ദർശനത്തിലേക്ക് കൊണ്ടു വന്നു. അന്ധനായ ബർത്തേമിയൂസ് യേശുവിനെ തിരിച്ചറിഞ്ഞ് ഉച്ചത്തിൽ വിളിച്ചു: 'ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ, സക്കേവൂസും, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയും, പാദം കഴുകിയ പാപിനിയും, കുഷ്ഠരോഗിയും എല്ലാം വിവിധ രീതികളിൽ യേശുവിലെ ദൈവികത ദർശിച്ചവരാണ്. ദൈവീക വെളിപ്പാടു ലഭിച്ച

വലതുവശത്തെ കള്ളൻ പറഞ്ഞു നിന്റെ രാജ്യത്തിൽ എന്നെയും ഓർക്കണമേ. ശതാധിപൻ പറഞ്ഞു സത്യമായും ഇവൻ നീതിമാനാണ്. തിബേരിയാസ് തീരത്ത് വച്ച് ശിഷ്യന്മാർ വിളിച്ചു പറഞ്ഞു അത് കർത്താവാണ്. മഗ്ദലേന മറിയം പറഞ്ഞു ഞാൻ കർത്താവിനെ കണ്ടു. തോമാശ്ലീഹാ പറഞ്ഞു എന്റെ കർത്താവേ എന്റെ ദൈവമേ.

ഇതൊടൊപ്പം നാം മനസ്സിൽ സൂക്ഷിക്കേണ്ട ചില വ്യക്തികൾ കൂടി ഉണ്ട്. ദൈവിക ദർശനങ്ങളോട് ക്രിയാത്മകമായി പ്രത്യുത്തരിക്കാൻ സാധിക്കാതെ പോയവർ. അവരെ സംബന്ധിച്ചിടത്തോളം വെളിപാടുകൾ മോശയ്ക്ക് ലഭിച്ചത് പോലെ വലിയ അത്ഭുതത്തോടുകൂടിയതോ, അല്ലെങ്കിൽ ഏലിയായ്ക്ക് ലഭിച്ചതു പോലെ കൃത്യതയോടു കൂടിയതോ, അതുമല്ലെങ്കിൽ ഏശയ്യായ്ക്ക് ലഭിച്ചതുപോലെ സ്വർഗ്ഗീയ പശ്ചാത്തലത്തോടു കൂടിയതോ ഒരു ദൈവത്തെ അംഗീകരിക്കാനുള്ള ഹൃദയവിശാലത അവർക്ക് ഇല്ലാതെപോയി. അതിനാൽ ഹേറോദേസിനും പീലാത്തോസിനും അവനെ മനസ്സിലാക്കാനായില്ല. ഫരിസേയർക്കും നിയമജ്ഞർക്കും യഹൂദ പ്രമാണികൾക്കും അവനെ അംഗീകരിക്കാൻ സാധിച്ചില്ല.

അതിനാൽ ഈ കാലഘട്ടത്തിന്റെ ദൈവിക വെളിപാടുകളുടെ പ്രത്യേകതകളും നാം മനസ്സിലാക്കണം. അവയെ തിരിച്ചറിയുക എന്നതും പ്രധാനപ്പെട്ട കാര്യമാണ്. ഒരിടത്ത് ഒരു സന്യാസാശ്രമം ഉണ്ടായിരുന്നു. വലുതെങ്കിലും അവിടെ അംഗങ്ങളുടെ എണ്ണം കുറഞ്ഞ് വരികയായിരുന്നു. പോരാത്തതിന് സഹസന്യസിമാരുടെ ഇടയിലെ പ്രശ്നങ്ങൾ വർദ്ധിച്ചും വന്നു. ഇപ്രകാരം ഭാവി അനിശ്ചിതത്വത്തിൽ ആയിരുന്ന സമയത്താണ് ആശ്രമ ശ്രേഷ്ഠൻ അടുത്ത ഗ്രാമത്തിൽ എത്തിയ ജ്ഞാനിയായ ഗുരുവിനെ കണ്ട് കാര്യങ്ങൾ അവതരിപ്പിച്ചു. അൽപസമയത്തെ ധ്യാനത്തിന് ശേഷം ഗുരു പറഞ്ഞു: 'നിങ്ങളിൽ ഒരാൾ ക്രിസ്തുവാണ്. അതാരാണ് എന്ന് എനിക്കറിയില്ല. ആശ്രമ ശ്രേഷ്ഠൻ കാര്യങ്ങൾ സന്യാസിമാരോടു പറഞ്ഞു. അന്നുമുതൽ അവർ പരസ്പരം ബഹുമാനിച്ചു തുടങ്ങി. മുതിർന്നവർ ഇളയവരെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ സമീപിച്ചു. ഇളയവർ മുതിർന്നവരെ ബഹുമാനത്തോടും ആദരവോടും കണ്ടു. അങ്ങനെ ആശ്രമത്തിൽ സന്തോഷം തിരിച്ചു വന്നു. ധാരാളം പേർ പുതിയതായി എത്തി തുടങ്ങി. ഇത് നമുക്കൊരു സന്ദേശമാണ്; നാം ആയിരിക്കുന്നിടത്ത് അത് കുടുംബത്തിലോ, ജോലിസ്ഥലത്തോ സമൂഹത്തിലോ എവിടെയാണെങ്കിലും നാം ഇടപെടുന്നത് ക്രിസ്തുവിനോടാണ് എന്ന ചിന്ത ഉണ്ടായാൽ എല്ലാ പ്രശ്നങ്ങളും അവസാനിക്കും. എല്ലായിടത്തും സ്നേഹം നിറയും.

അപരനിലെ ഈശ്വര സാന്നിധ്യം തിരിച്ചറിയുന്നതാണ് യഥാർത്ഥ വെളിപാട്. നമുക്ക് ഇഷ്ടമില്ലാത്തവരിലും ഈ ദൈവിക സാന്നിധ്യം തിരിച്ചറിയുവാൻ നമുക്ക് സാധിക്കണം. അപ്പോൾ നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നതാണ് യഥാർത്ഥ മാനസാന്തരം. വി. ഫ്രാൻസീസ് അസ്സീസിക്ക് കുഷ്ടരോഗികളെ ഇഷ്ടമില്ലായിരുന്നു. ഒരിക്കൽ അദ്ദേഹം നടന്ന് പോകുമ്പോൾ ശരീരം വ്രണം ബാധിച്ച ഒരു കുഷ്ഠരോഗി എതിരെ വരുന്നത് അദ്ദേഹം കണ്ടു. അദ്ദേഹം അസ്വസ്ഥതപ്പെട്ട് ആ കുഷ്ടരോഗിയെ കടന്ന് പോകാൻ തുടങ്ങിയപ്പോൾ ഒരു ഉൾവിളി, അവനെ ആശ്ലേഷിച്ച് മുറിവുകളിൽ ചുംബിക്കാൻ. മനസ്സില്ലാ മനസ്സോടെ ഫ്രാൻസീസ് അവനെ ആശ്ലേഷിച്ച് മുറിവുകളിൽ ചുംബിച്ചു. അത്ഭുതം എന്ന് പറട്ടെ അദ്ദേഹം ചുംബിച്ചപ്പോൾ വ്രണങ്ങൾ ഓരോന്നായി സുഖപ്പെട്ടു. ഒടുവിൽ കുഷ്ടരോഗിയായി വന്നവൻ സൗഖ്യം പ്രാപിച്ചു. ഉടനെ അവൻ ഫ്രാൻസീസിന്റെ മുമ്പിൽ നിന്ന് അപ്രത്യക്ഷമായി. അപ്പോൾ ഫ്രാൻസീസ് തിരിച്ചറിഞ്ഞു അത് ക്രിസ്തുവായിരുന്നു എന്ന്. കൊൽക്കട്ടയിലെ തെരുവുകളിൽ ക്രിസ്തുവിനെ കണ്ടെത്തിയതാണ് മദർ തെരേസായെ വിശുദ്ധയാക്കിയത്. മോളോക്കോയിലെ കുഷ്ഠരോഗികളിൽ ക്രിസ്തുവിനെ കണ്ടെത്തിയത് ഫാദർ ഡാമിയനെ വിശുദ്ധനാക്കിയത്. ഇതിനെല്ലാം ഇവരെ സഹായിച്ചത്. അപരനിലെ ദൈവിക സാന്നിധ്യം തിരിച്ചറിഞ്ഞു എന്നതാണ് അതിനാൽ ഈ വെളിപാടുകളെ തിരിച്ചറിയാൻ മാത്രമുള്ള ജാഗ്രത നാം ജീവിതത്തിൽ പുലർത്തണം. അല്ലെങ്കിൽ ഓരോ നിമിഷവും കൺമുമ്പിൽ നടക്കുന്ന ദൈവിക വെളിപാടുകളെ തിരിച്ചറിയാതെ ദൈവം ഇല്ല എന്ന് പറഞ്ഞ് നടക്കുന്നവരുടെ കൂട്ടത്തിലേക്ക് നാമും തള്ളപ്പെടും. അതിനാൽ വെളിപാടുകളുടെ ഈ കാലഘട്ടം സ്വയം വെളിപ്പെടുത്തുന്ന ദൈവത്തെയും അപരനിലെ ദൈവീക സാന്നിധ്യത്തെയും തിരിച്ചറിയാനുള്ള ആഹ്വാനമാണ് നമുക്ക് നൽകുന്നത്.

